പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.1488

31.10.2019-ൽ മറുപടിയ്ക്ക്

ചെറുകിട-പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. ദാസൻ<br>,, വി. അബ്ദുറഹിമാൻ<br>,, സി.കൃഷ്ണൻ<br>,, വി. ജോയി : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ചെറുകിട-പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനും വേണ്ടി ഫിഷറീസ് വകുപ്പ് സാഫ് മുഖേന 2018-19 സാമ്പത്തിക വർഷത്തിൽ ബദൽ ജീവനോപാധി കണ്ടെത്തുന്നതിനായി "മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളും മാനവശേഷി വികസനവും" (Basic Infrastructural Facilities and Human Development of Fisher folk) എന്ന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള തീരമൈത്രി പദ്ധതിയുടെ അടങ്കൽ തുക 11.10 കോടി രൂപയാണ്. ബദൽ ജീവനോപാധിപദ്ധതികൾ കണ്ടെത്തുന്നതിനും നിലവിലുള്ള സംരംഭങ്ങളുടെ സുസ്ഥിരതയ്ക്കുമാണ് ഈ പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുള്ളത്. കൂടാതെ 2018-19 വർഷത്തിൽ അഷ്ടമുടി phase II പദ്ധതിയ്ക്കായി 120 ലക്ഷം രൂപയും 3R pilot പദ്ധതിയ്ക്കായി 178 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ബദൽ ജീവനോപാധി പദ്ധതിയ്ക്കായി 715 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാനഘടകങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കടലിൽ എവിടെയും വൻകിട കമ്പനികൾക്ക് മത്സ്യബന്ധനത്തിന് സൗകര്യമൊരുക്കാൻ കേന്ദ്ര സർക്കാർ പുതിയ മീൻപിടിത്ത നിയന്ത്രണ നിയമം കൊണ്ടുവരുന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ എപ്രകാരമെല്ലാം പ്രതികൂലമായി ബാധിക്കുന്നതാണെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സർക്കാർ കൊണ്ടു വരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) പുതിയ കരട് ബിൽ പ്രകാരം തീരക്കടലിലെ മത്സ്യബന്ധനം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളത് പോലെ തന്നെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ തന്നെ നിലനിർത്തു ന്നതാണ്. ആഴക്കടൽ മത്സ്യ ബന്ധനത്തിലുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴി ലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടു ത്തണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ആദ്യം പ്രസിദ്ധീകരിച്ച കരടിൽ ഉണ്ടായിരുന്നതും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഉൾപ്പെടെ ബാധിക്കുമായിരുന്നതുമായ നിർദ്ദേശങ്ങൾ ഒഴിവാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യ |

| | | | |
|---|---|---|---|
| | | | ങ്ങളിൽ ഭൂരിഭാഗവും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (സി) | കടലിൽ 12 നോട്ടിക്കൽ മൈൽ ദൂരപരിധിക്കുള്ളിൽ മത്സ്യബന്ധനത്തിനുള്ള പെർമിറ്റ് നൽകുന്നതിനുള്ള അവകാശം സംസ്ഥാന സർക്കാരുകളിൽ തന്നെ നിക്ഷിപ്തമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | കേന്ദ്ര സർക്കാരിന്റെ അധികാരപരിധി കൃത്യമായി രേഖപ്പെടുത്തുന്നതിനും തീരക്കടലിലെ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളത് പോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ തന്നെ നിലനിർത്തുന്നതിനുള്ള നിർദ്ദേശം നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കുന്ന തരത്തിലുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി കേന്ദ്ര മറൈൻ ഫിഷറീസ് ബില്ലിൽ മാറ്റങ്ങൾ വരുത്തുന്നതിനായി ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.<br>• 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ/ ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തണം.<br>• കേന്ദ്രസർക്കാർ കൊണ്ട് വരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) ബിൽ-2019 - ൽ കേന്ദ്രസർക്കാരിന്റെ അധികാര പരിധി കൃത്യമായി രേഖപ്പെടുത്തണം. തീരക്കടലിലെ (12 നോട്ടിക്കൽ മൈലിനകത്ത്) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളത് പോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ തന്നെ നിലനിർത്തണം.<br>• നിയമലംഘനം പരിശോധിക്കുന്ന തിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.<br>• നിയമലംഘന വിഷയത്തിൽ തീരുമാന മെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ് / മെട്രോ പോളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽ നിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.<br>• തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് |

വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.

- ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.
- ആഴക്കടൽ മത്സ്യബന്ധന ത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴി ലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.
- നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്ത് കളയണം.
- സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്ത മായിരിക്കണം.
- മത്സ്യ വിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാന മെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ് മെന്റ് സംവിധാനം കൊണ്ട് വരണം.
- നിയമലംഘനത്തിന്റെ ഗൗരവത്തി നനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.
- നിയമലംഘകരിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാരി ലേക്ക് മുതൽ കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം
- മത്സ്യബന്ധന യാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ് നഷ്ടപ്പെട്ടാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.
- ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും, 'Seaworthiness' ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം.
- ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺ കാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ

| | | | |
|---|---|---|---|
| | | | മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവയിലെ നിയന്ത്രണം എന്നിവയ്ക്ക് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.<br>• 'മത്സ്യബന്ധനയാനം' എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെ കൂടി ഉൾപ്പെടുത്തണം.<br>• പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള എല്ലാതര കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. |

സെക്ഷൻ ഓഫീസർ

[illegible]

## 1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)

ഈ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സാഫിന്റെ പ്രവർത്തകഗ്രൂപ്പുകളായി മാറി ബദൽ ജീവനോപാധി മേഖലയിൽ സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക, സാങ്കേതിക, പരിപാലന സഹായങ്ങൾ സാഫ് ചെയ്തുവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ പുതുതായി 1002 മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന 345 ചെറുകിട തൊഴിൽ സംരംഭങ്ങളാണ് ഈ പദ്ധതിയിലൂടെ ആരംഭിച്ചത്. 2 മുതൽ 4 വരെ അംഗങ്ങൾ അടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 3 ലക്ഷം രൂപ വരെ (പരമാവധി 75,000 രൂപ / മത്സ്യത്തൊഴിലാളി സ്ത്രീ) തിരിച്ചടക്കാത്ത ഗ്രാന്റായി നൽകുന്നു. ഈ വർഷം 345 ചെറുകിട സംരംഭക യൂണിറ്റുകൾ ആരംഭിക്കുവാനായി 734 ലക്ഷം രൂപ ചെലവഴിച്ചു.

2019-20 സാമ്പത്തിക വർഷത്തിൽ 400 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 100 ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 2. സൂക്ഷ്മ സംരംഭങ്ങളുടെ സുസ്ഥിര നിലനിൽപ്പ്

സാഫ് മുഖേന സൂക്ഷ്മ സംരംഭങ്ങളുടെ സുസ്ഥിര നിലനിൽപ്പിനായി 2010 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയായ തീരമൈത്രി പദ്ധതിയുടെ ഭാഗമായി നിലവിൽ പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾക്ക് സംരംഭം മെച്ചപ്പെടുത്തുന്നതിനും സ്ഥിരമായി ഉപജീവനം കണ്ടെത്തുന്നതി നുമായി താഴെ പറയുന്ന ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

### a. കപ്പാസിറ്റി ബിൽഡിംഗ് ട്രെയ്നിംഗ് പ്രോഗ്രാമുകൾ

2018-19 കാലയളവിൽ 7511 മത്സ്യത്തൊഴിലാളി വനിതാ ഗുണഭോക്താക്കൾക്ക് വിവിധതരം പരിശീലനങ്ങൾ നൽകുന്നതിനായി 73 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ വിവിധ തരം കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾക്കായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### b. വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്

2018-19 വർഷത്തിൽ 395 യൂണിറ്റുകൾക്കായി 69.90 ലക്ഷം രൂപ വർക്കിംഗ് ക്യാപിറ്റൽ ഫണ്ട് ആയി നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് ശീർഷകത്തിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

c . സാങ്കേതിക വിദ്യ നവീകരണം (Technology Improvement)

2018-19 വർഷത്തിൽ 144 യൂണിറ്റുകൾക്കായി 38.55 ലക്ഷം രൂപ ടെക്നോളജി ഇംപ്രൂവ്മെന്റിനായി ചെലവഴിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ 50 യൂണിറ്റുകൾക്കായി ടെക്നോളജി ഇംപ്രൂവ്മെന്റ് എന്ന ശീർഷകത്തിനായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

d. ആക്ടിവിറ്റി ഗ്രൂപ്പുകളെ ബിസിനസ്സ് ഗ്രൂപ്പുകളായി ഉയർത്തൽ
**(Graduating Activity Groups to Business Groups)**

2018-19 സാമ്പത്തിക വർഷത്തിൽ 154 വനിതാ തീരമൈത്രി യൂണിറ്റുകൾക്ക് മേൽ പദ്ധതിപ്രകാരം 15.61 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ആക്ടിവിറ്റി ഗ്രൂപ്പുകളെ ബിസിനസ്സ് ഗ്രൂപ്പുകളായി ഉയർത്തൽ എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

e. **ഉചിത പ്രവർത്തനത്തിലേക്കുള്ള മാറ്റം (Shift to Appropriate Business)**

2018-19 സാമ്പത്തിക വർഷത്തിൽ 11 വനിതാ തീരമൈത്രി യൂണിറ്റുകൾക്കായി 5.49 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

f. **തീരനൈപുണ്യ പദ്ധതി**

**മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ്ടു പാസായ 20 ഉം 35 ഉം ഇടയിൽ** പ്രായമുള്ള യുവതികൾക്ക് തീരനൈപുണ്യ പദ്ധതിയിലൂടെ പരിശീലനം നൽകുന്നു. രണ്ട് മാസം നീണ്ടു നിൽകുന്ന പരിശീലനത്തിൽ ഒരു മാസം വീതം ക്ലാസ്സ് റൂം പരിശീലനവും സ്ഥാപനങ്ങളിലുള്ള പ്രായോഗിക പരിശീലനവും (Internship) നൽകുന്നു. 2018-19 ൽ 195 പേർക്ക് വെസ്റ്റേൺ ടൂറിസം പരിശീലനം നൽകിയിട്ടുണ്ട്. ഇതിനായി 29.79 ലക്ഷം രൂപ തീരനൈപുണ്യ പരിശീലന പരിപാടിയ്ക്കായി ചെലവഴിച്ചു. 2019-20 സാമ്പത്തിക വർഷത്തിൽ തീരനൈപുണ്യ പദ്ധതിപ്രകാരം 200 മത്സ്യത്തൊഴിലാളി യുവതികൾക്കായി 34 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ മത്സ്യമേഖലയിലെ വനിതകളുടെ തൊഴിൽ സംരക്ഷണം, സാമ്പത്തിക സ്ഥിരത എന്നിവ ഉറപ്പാക്കുന്നതിനായി ഒട്ടേറെ പദ്ധതികളും സാഫ് മുഖേന നടപ്പിലാക്കി വരുന്നു.

<u>3R pilot പദ്ധതി (Rebuilding, Revival, Reforms)</u>

മത്സ്യമേഖലയിലെ 1000 വനിതകളുടെ തൊഴിൽ സംരക്ഷണം, സാമ്പത്തിക സ്ഥിരത എന്നിവ ഉറപ്പാക്കുന്നതിനായി 5 അംഗങ്ങൾ അടങ്ങുന്ന 200 Joint Liability Group-കൾ (JLG's) 3R pilot പദ്ധതിയിലൂടെ രൂപീകരിക്കുന്നു. കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഈ പദ്ധതി പൈലറ്റായി

ചെയ്യാൻ ഉദ്ദേശിക്കുന്നത്. മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന 1000 വനിതകളുടെ 200 JLG (Joint Liability Group ) ഗ്രൂപ്പ് ടി പദ്ധതി പ്രകാരം ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി 178 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ , ഗ്രേഡിംഗ് എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. JLG രൂപീകരണം, ഗുണഭോക്താക്കൾക്കുള്ള പരിശീലനങ്ങൾ , ഫെസിലിറ്റേറ്റർമാരെ തെരഞ്ഞെടുക്കൽ എന്നിവ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

അഷ്ടമുടി phase II

കൊല്ലം ജില്ലയിൽ 48 മത്സ്യത്തൊഴിലാളി സ്ത്രീകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 12 തയ്യൽ യൂണിറ്റുകൾ കൺസോർഷ്യം മാതൃകയിൽ ഈ പദ്ധതിയിലൂടെ ആരംഭിക്കുന്നു. ടി പദ്ധതിയ്ക്കായി 2018-19 വർഷം 120 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കലും അവർക്കുള്ള പരിശീലനങ്ങളും കൺസോർഷ്യം രൂപീകരണവും പൂർത്തീകരിച്ചിട്ടുണ്ട്.

ചെറുകിട പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് മത്സ്യഫെഡ് മുഖേന ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു

1. **എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി:-** മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യ വിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

2. **എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ:-**

**എ) വായ്പകൾ**

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം വരെ കാലാവധിയിൽ വിതരണം ചെയ്തു വരുന്നു.

**ബി) മൈക്രോഫിനാൻസ് വായ്പ**

മത്സ്യഫെഡുമായി അഫിലേറ്റ് ചെയ്തു പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായം ഗ്രൂപ്പുകൾ വഴി മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. വ്യക്തികൾക്ക് ആദ്യ വായ്പയായി 1000/- രൂപയും ലഘു സംരംഭങ്ങൾ നടത്തുന്നതിന് തുടർ വായ്പയായി 50,000/- രൂപ വരെ

പരമാവധി 6% പലിശ നിരക്കിൽ സ്വയം സഹായ ഗ്രൂപ്പുകൾ വഴി വിതരണം ചെയ്തു വരുന്നു.

3. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി:- മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെടുന്ന മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യ വായ്പാ 1000/- രൂപ ഒരു വർഷ കാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്തു വരുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

4. **ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം:-** മത്സ്യഫെഡ് മൈക്രോ ഫിനാൻസ്, പലിശ രഹിത വായ്പ എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പ തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ വഴി വായ്പ എടുക്കുന്ന ഗുണഭോക്താക്കൾ വായ്പാ തുകയുടെ 0.35% തുക മിനിമം (100/- രൂപ വായ്പയെടുക്കുമ്പോൾ ഈ സ്കീമിലേക്ക് വിഹിതമായി അടയ്ക്കേണ്ടതാണ്. മരണമടയുകയോ മാരകരോഗത്തിന് അടിമപ്പെടുകയോ ചെയ്ത ഗുണഭോക്താക്കളുടെ ബാക്കി നിൽക്കുന്ന വായ്പാ തുക പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്ന ഈ സ്കീം അവരുടെ കുടുംബങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാണ്.

5. **വലകൾക്കുള്ള സബ്സിഡി പദ്ധതി:-** 10 എച്ച്.പി-യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിയ്ക്ക് പരമാവധി 10,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

6. **മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി:-** മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം, എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് വേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്.

7. **നാടൻ വള്ളങ്ങളുടെ നവീകരണം:-** നാടൻ വള്ളങ്ങൾ യന്ത്രവത്ക്കരിക്കുന്നതിന് 10 എച്ച്.പി. യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് 4000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 കടൽസുരക്ഷ പദ്ധതിയിലുൾപ്പെടുത്തി 556 ജിപി എസ്സ് കളും 1132 ലൈഫ്ബോയകളും വിതരണം നടത്തിയിട്ടുണ്ട്. കടലോര ഗ്രാമങ്ങളിലുള്ളവർ ശേഖരിക്കുന്നതിന് സഹായകമായ 'നാവിക്' ഉപകരണങ്ങൾ 15000 എണ്ണം വിതരണം ചെയ്യുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭ്യമായതിനാൽ ആദ്യഘട്ടമായി 5000 എണ്ണം വിതരണം ചെയ്യുന്നതിന് തീരുമാനിക്കുകയും 875 എണ്ണം വിതരണം ചെയ്തിട്ടുമുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന 1000 മത്സ്യബന്ധന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിന് ഭരണാനുമതി ലഭിക്കുകയും 24 എണ്ണം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ 120 എഫ് ആർ പി ബോട്ടുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടെ 200 എഫ് ആർ പി മത്സ്യബന്ധന യൂണിറ്റുകളും വിതരണം ചെയ്യുന്ന പദ്ധതിയും ഉടനെ നടപ്പാക്കുന്നതാണ്. 2019-20 പ്ലാൻ പദ്ധതിയിലേർപ്പെടുത്തി 1500 DAT,VHF,GPS എന്നിവ 75% സബ്സിഡിയോടെ നൽകുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഇത് കൂടാതെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലായി 900 മത്സ്യത്തൊഴിലാളികളെയും 300 യാനങ്ങളെയും ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചു വരുന്നു. ഇതിനകം 317 മത്സ്യത്തൊഴിലാളികൾക്ക് ആദ്യ ബാച്ചായി പരിശീലനം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ